# പതിനാലാം കേരള നിയമസഭ
## പതിനാലാം കേരള നിയമസഭ പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1323** **06.03.2020 ൽ മറുപടിയ്ക്ക്**

**പച്ചക്കറികൃഷി മേഖലയിൽ സ്വയംപര്യാപ്തത**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ**<br>**ശ്രീമതി. സി.കെ. ആശ** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) പച്ചക്കറികൃഷി മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് എന്തൊക്കെ ശ്രമങ്ങളാണ് നടത്തുന്നതെന്നും ആയതിന്റെ ഫലപ്രാപ്തി സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാമോ; | എ) പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്ത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ബൃഹത്ത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. ആയതിന്റെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം.<br>2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും.<br>3. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി.<br>4. ജില്ലാ ക്ലസ്റ്റർ വികസനം.<br>5. ഗ്രേഡഡ്ക്ലസ്റ്ററുകളുടെ വികസനം.<br>6. ബ്ലോക്ക്തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം.<br>7. നഴ്സറികൾ സ്ഥാപിക്കൽ.<br>8. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം തുടങ്ങിയവ.<br>9. സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വളപ്രയോഗവും.<br>10. പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം.<br>11. കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം.<br>12. മഴമറ നിർമ്മാണം.<br>കൂടാതെ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടി "ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുവാനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇതിനായി 21 ഇന പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിൽ 2019-20 വർഷം മുന്നാവിളയ്ക്ക് ഉന്നൽ നൽകി നടപ്പിലാക്കി വരുന്ന വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം, കൃഷി പാഠശാല, ആരോഗ്യ വകുപ്പുമായി സംയോജിച്ച് ബോധവല്ക്കരണം, പോഷകത്തോട്ട നിർമ്മാണം, ഉല്പാദനോപാദികളുടെ ലഭ്യത, വിത്ത് കൈമാറ്റ കൂട്ടായ്മ, ജീവനി – പച്ചക്കറി ഗ്രാമം, ഹരിത ബ്ലോക്ക്, നഗരം നാമകരണം, 1000 മാർക്കറ്റുകളുടെ വിപുലീകരണം, വിദ്യാലയങ്ങൾ പൊതു/സ്വകാര്യ സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി, ഹരിത ഗ്രൂപ്പ് രൂപീകരണം എന്നീ പദ്ധതി ഘടകങ്ങളാണ്.

മേൽ പറഞ്ഞ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിയത് വഴി 2017-18 - ൽ സംസ്ഥാനത്ത് 69047 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽ നിന്നും 10.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും സാധിച്ചു. 2018-19 സാമ്പത്തിക വർഷം 82166.55 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിൽ നിന്നും 12.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ പച്ചക്കറി കൃഷി 96000 ഹെക്ടർ ആയി വർദ്ധിപ്പിക്കുന്നതിനും ഉല്പാദനം 15.08 ലക്ഷം മെട്രിക് ആയി ഉയർത്തുന്നതിനും ലക്ഷ്യമിട്ട് പദ്ധതി പ്രവർത്തനങ്ങൾ നടത്തി വരുന്നു.

ബി) നല്ല ഭക്ഷണം ഉറപ്പ വരുത്തുന്നതിനായി പുരയിടകൃഷിയുടെ ഭാഗമായുള്ള പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി നടപ്പാക്കുന്നുണ്ടോ;

സി) മാർക്കറ്റ് ഡിമാന്റ് അനുസരിച്ച് പച്ചക്കറി ഉല്പാദനം ക്രമീകരിക്കുന്നതിന് പച്ചക്കറി ഉല്പാദന കലണ്ടർ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

ബി) & സി) ഉണ്ട്.

പച്ചക്കറി ഉല്പാദന കലണ്ടർ ബ്ലോക്ക് തലത്തിൽ തയ്യാറാക്കുന്നതിനായി എല്ലാ ജില്ലകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ പഞ്ചായത്തിലും പച്ചക്കറി കൃഷിയുടെ വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് ഓരോ സീസണിലും, ഏതെല്ലാം സ്ഥലത്ത് ഏതെല്ലാം വിളകൾ എത്ര സ്ഥലത്ത് കൃഷിചെയ്യുന്നു എന്ന വിവരങ്ങളും സംസ്ഥാനത്തെ പ്രധാനപ്പെട്ട ഉല്പാദന കേന്ദ്രങ്ങൾ സംബന്ധിച്ച വിവരശേഖരണവും ഉൾപ്പെടുത്തിയാണ് ക്രോപ്പ് കലണ്ടർ തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളത്. ക്രോപ്പ് കലണ്ടർ രൂപീകരിക്കുന്നതിലൂടെ ആ പ്രദേശത്തെ കാലാവസ്ഥയ്ക്ക് അനുസരിച്ച് കൃഷി ചെയ്യാവുന്ന എല്ലാ പച്ചക്കറികളും ഉൾപ്പെടുത്തുകയും മുൻകൂട്ടി

തീരുമാനിക്കുന്നതിനാൽ ഒരോ ഇനം പച്ചക്കറികളുടെ അമിതോല്പാദനം ഇല്ലാതാക്കുന്നതിനും സാധിക്കുന്നു.

ഡി) പച്ചക്കറികൃഷിക്കായി പ്രത്യേക കാർഷികമേഖലകൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

ഡി) പച്ചക്കറി കൃഷിയ്ക്കായി 4 പ്രത്യേക കാർഷികമേഖലകൾ ആരംഭിച്ചിട്ടുണ്ട്. കാന്തല്ലൂർ, വട്ടവട മേഖല ഉൾപ്പെടുന്ന ദേവികുളം (ഇടുക്കി ജില്ല), കഞ്ഞിക്കുഴി (ആലപ്പുഴ ജില്ല), പഴയന്നൂർ (തൃശ്ശൂർ ജില്ല), ചിറ്റൂർ - നെന്മാറ (പാലക്കാട് ജില്ല), എന്നിവയാണ് പച്ചക്കറി കൃഷിയ്ക്കായി തിരഞ്ഞെടുത്ത പ്രത്യേക കാർഷിക മേഖലകൾ.

ഇ) കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിഷരഹിത പച്ചക്കറി വില്പന നടത്തുന്നുണ്ടോ; ഉത്സവകാലങ്ങളിൽ വിഷരഹിത പച്ചക്കറി കൂടുതലായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഇ) കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നല്ല കാർഷിക മുറകൾ പാലിച്ചുകൊണ്ട് സുരക്ഷിത പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി പച്ചക്കറി പദ്ധതിയിൻ കീഴിലുള്ള ബ്ലോക്ക് തല ഫെഡറേറ്റഡ് ഓർഗനൈസേഷൻ, ഇക്കോഷോപ്പുകൾ, വിപണി മാർക്കറ്റുകൾ, ആഴ്ചചന്തകൾ, എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റ്, ഹരിത ഗ്രൂപ്പ് എന്നിവ മുഖാന്തിരം കർഷകർ ഉല്പാദിപ്പിക്കുന്ന സുരക്ഷിത പച്ചക്കറികൾ ന്യായമായ വിലയ്ക്ക് കർഷകർക്കു ലഭ്യമാക്കുന്നുണ്ട്.

ഉത്സവ സീസണുകളിൽ ആവശ്യമായ പച്ചക്കറികൾക്ക് ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സാഹചര്യം ഒഴിവാക്കുന്നതിനും അധിക ആവശ്യകത കണക്കിലെടുത്തും പച്ചക്കറി സുലഭമായി ലഭ്യമാക്കുവാനും ഉദ്ദേശിച്ച് കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, 2017-18 വർഷം ആരംഭിച്ച് തുടർന്നും വിജയകരമായി നടപ്പിലാക്കി വരുന്ന ബൃഹത് പദ്ധതിയാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി'. ഇതിനായി പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയ്ക്കായി വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ നൽകി വരുന്നു.

പച്ചക്കറി ഉല്പാദനത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ 65 ലക്ഷം കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടാണ് ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി വിവിധ ഇനം (കുറഞ്ഞത് 4 മുതൽ 5 വരെ) പച്ചക്കറി വിത്തിനങ്ങൾ അടങ്ങിയ 65 ലക്ഷം വിത്ത് പാക്കറ്റുകളും 160 ലക്ഷം പച്ചക്കറി തൈകളും സൗജന്യമായി വിതരണം ചെയ്യുന്നു.

കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ , സന്നദ്ധ സംഘടനകൾ, റെസിഡന്റ്സ് അസോസിയേഷനുകളിലെ അംഗങ്ങൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയം ഭരണ

സ്ഥാപനങ്ങൾ എന്നിവരെ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ ഡിപ്പാർട്ട്മെന്റ് ഫാമുകൾ, അഗ്രോ സർവ്വീസ് സെന്റർ, വി.എഫ്.പി.സി.കെ, മറ്റ് അംഗീകൃത ഏജൻസികൾ എന്നിവ വഴിയാണ് കർഷകർക്ക് ഗുണമേന്മയുള്ള വിത്തുകളും പച്ചക്കറിതൈകളും സൗജന്യമായി ലഭ്യമാക്കുന്നത്. ഉത്സവ സീസണുകളിൽ കൃഷി ഭവന്റെ ആഭിമുഖ്യത്തിൽ പച്ചക്കറി ചന്തകൾ സജ്ജമാക്കുകയും ഇവയിലൂടെ കർഷകർ ഉല്പാദിപ്പിക്കുന്ന സുരക്ഷിത പച്ചക്കറികൾ പൊതു ജനങ്ങൾക്ക് ന്യായമായ വിലക്ക് ലഭ്യമാക്കുകയും ചെയ്യുന്നു.

ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിലും നല്ല കാർഷിക മുറകൾ പാലിച്ചു കൊണ്ടുള്ള പച്ചക്കറി കൃഷി രീതിയിലൂടെയും പി.ജി.എസ്. സർട്ടിഫിക്കേഷനോടു കൂടിയ കേന്ദ്ര പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിലൂടെയും ഉത്സവ സീസണുകൾ ഉൾപ്പെടെ സുരക്ഷിത പച്ചക്കറി ലഭ്യമാക്കുകയും അതുവഴി അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള പച്ചക്കറികളുടെ ഇറക്കുമതിയുടെ തോത് പരമാവധി കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

Maya P

**സെക്ഷൻ ഓഫീസർ**